**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## കാഞ്ഞങ്ങാട് പി.എൻ. പണിക്കർ സൗഹൃദ ആയുർവേദ മെഡിക്കൽ കോളേജിലെ ഒഴിവുള്ള ബി.എ.എം.എസ് സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അലോട്ട്മെന്റ്

കാസർഗോഡ് കാഞ്ഞങ്ങാടുള്ള പി.എൻ. പണിക്കർ സൗഹൃദ ആയുർവേദ മെഡിക്കൽ കോളേജിൽ ഒഴിവുള്ള 11 ബി.എ.എം.എസ് സീറ്റുകൾ നികത്തുന്നതിനായി ഒരു സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതിന് 06.11.2017-ലെ A3/184/2017/AYUSH നം. കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സീറ്റുകൾ നികത്തുന്നതിനായി ഒരു സ്പോട്ട് അലോട്ട്മെന്റ് **2017 നവംബർ 18 (ശനിയാഴ്ച) രാവിലെ 10.30-ന് തിരുവനന്തപുരം സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

കാറ്റഗറി തിരിച്ചുള്ള സീറ്റുകളുടെ എണ്ണം:-

സ്റ്റേറ്റ് മെരിറ്റ് (SM)-7, ലാറ്റിൻ കത്തോലിക് & ആൻഗ്ലോ ഇന്ത്യൻ (LA)-1, മുസ്ലീം (MU)- 1,
മറ്റ് പിന്നാക്ക ഹിന്ദു (BH)-1, പട്ടിക ജാതി (SC)-1

മേല്പറഞ്ഞ സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജിലെ 11 ബി.എ.എം.എസ് സീറ്റുകൾ നികത്തുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ നൽകിയിട്ടുള്ള ഡാറ്റാ ഷീറ്റ്, വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുള്ള രേഖകൾ എന്നിവ സഹിതം ഹാജരാകേണ്ടതാണ്.

പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ന് അനുസൃതമായി നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) സ്പോട്ട് അലോട്ട്മെന്റ് കാസർഗോഡ് കാഞ്ഞങ്ങാടുള്ള പി.എൻ. പണിക്കർ സൗഹൃദ ആയുർവേദ മെഡിക്കൽ കോളേജിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കാണ് നടത്തുന്നത്.

(ii) ഒരു സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജിൽ ഇതിനോടകം പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയില്ല.

(iii) മറ്റേതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്നവർക്ക് അതത് പ്രോസ്പെക്ടസ് പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കിയ ശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(iv) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(v) ഇപ്പോൾ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്നവർ പ്രസ്തുത കോളേജിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ലായെന്ന് കാണിക്കുന്ന നിരാക്ഷേപ പത്രം (NOC) സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(vi) അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 75000/- രൂപയുടെ (എസ്.സി/എസ്.റ്റി/ഒ.ഇ.സി വിദ്യാർത്ഥികൾ 1000/- രൂപയുടെ) ഡിമാന്റ് ഡ്രാഫ്റ്റ് അപ്പോൾ തന്നെ സമർപ്പിക്കേണ്ടതാണ്.

(vii) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
15.11.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**